# പതിമൂന്നാം കേരള നിയമസഭ
## മൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 888 — 08.03.12 ൽ -മറുപടിക്ക്

**സർക്കാർ ജീവനക്കാർക്ക് അനധികൃതമായി ലഭിച്ച ബി.പി.എൽ കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അനധികൃതമായി സർക്കാർ ജീവനക്കാർ ബി.പി.എൽ. കാർഡുകൾ കരസ്ഥമാക്കിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ എത്ര പേർ ഇപ്രകാരം ബി.പി.എൽ. കാർഡുകൾ കരസ്ഥമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | കാർഡു പുതുക്കൽ സമയം മേൽപ്പറഞ്ഞ പ്രകാരം സർക്കാർ ഉദ്യോഗസ്ഥർ എന്ന് സത്യപ്രസ്താവന നൽകിയ സർക്കാർ /പൊതുമേഖലാ / സഹകരണ മേഖല എന്നിവയിൽ ജോലി ചെയ്യുന്നതായി 23349 കാർഡുകൾ ഉണ്ടായിരുന്നു. |
| (സി) | ഇതിൽ എത്രപേർ ബി.പി.എൽ. കാർഡുകൾ തിരിച്ചേൽപിക്കുകയുണ്ടായിയെന്ന് വ്യക്തമാക്കുമോ; | (സി) | നാളിതുവരെ ഇത്തരം അനർഹമായ ആകെ 29211 കാർഡുകൾ റദ്ദു ചെയ്തത് എ.പി.എൽ വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. |
| (ഡി) | ഇനി എത്രപേർ കൂടി ഇത്തരം കാർഡുകൾ തിരിച്ചേൽപിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | സർക്കാർ ഉദ്യോഗസ്ഥൻ എന്നു രേഖപ്പെടുത്തിയിട്ടുള്ള 14465 കാർഡുകൾ കൂടി ഇനിയും റദ്ദു ചെയ്യേണ്ടതായി കാണുന്നു. |
| (ഇ) | കാർഡുകൾ തിരിച്ചേൽപിക്കാതെ അനധികൃതമായി അവ കൈവശം വയ്ക്കുന്ന ജീവനക്കാരുടെ കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഇ) | അനർഹരായി ബി.പി.എൽ/എ.എ.വൈ കാർഡ് കൈവശം വയ്ക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതും അതോടൊപ്പം അവരുടെ റേഷൻ കാർഡുകൾ റദ്ദാക്കുന്നതിനുമുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ